ഉത്തരം

അട്ടപ്പാടിയിലെ അഗളിയിൽ ഉള്ള ആദിവാസി വിദ്യാർത്ഥി ഹോസ്റ്റലുകളിൽ ടെലിവിഷൻ സ്ഥാപിച്ചിട്ടുണ്ട്.

ഹരിജൻ കോളനികളിൽ ടെലിവിഷൻ നൽകാൻ പദ്ധതി

726 [856] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ കോളനികളിൽ ടെലിവിഷൻ നൽകാനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ എത്ര കോളനികളിൽ ടെലിവിഷൻ സെറ്റ് നൽകി;

(സി) ഇനി ഈ വർഷം എത്ര ടെലിവിഷൻ സെറ്റ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 41.

(സി) പട്ടികജാതി വികസന വകുപ്പ് 20 സെറ്റുകൾ നൽകാൻ ഉദ്ദേശിക്കുന്നു. മറ്റുള്ള വകുപ്പുകൾക്ക് എത്ര സെറ്റുകൾ നൽകാൻ സാധിക്കുമെന്ന് തീർച്ചയാക്കിയിട്ടില്ല.

ഒ. ഇ. സി. യെ പട്ടികജാതി—പട്ടികവർഗ്ഗത്തിൽ പെടുത്തുന്ന നടപടി

727 [857] ശ്രീ. എ. വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ. ഇ. സി. വിഭാഗത്തിൽപ്പെടുത്തിയിട്ടുള്ള സമുദായങ്ങളെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) കോളേജ് പ്രവേശനത്തിന് പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഇല്ലാതെ വന്നാൽ ആ ഒഴിവുകളിൽ ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ട കുട്ടികളെ പ്രവേശിപ്പിക്കുന്നതിനുള്ള ഉത്തരവ് വിദ്യാഭ്യാസ അധികൃതർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോഴും പല കോളേജുകളിലും വ്യക്തമായ ഉത്തരവുകൾ ഇല്ലാത്തതിനാൽ ഇങ്ങനെ വരുന്ന ഒഴിവുകളിൽ ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രവേശനം ലഭിക്കുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ട സമുദായങ്ങൾക്ക് കോളേജ് പ്രവേശനത്തിന് എത്ര ശതമാനം സംവരണം ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) നിലവിലുള്ള ഒ. ഇ. സി. ലിസ്റ്റിലെ ചാക്കമർ, പെരുവണ്ണാൻ, പുള്ളുവൻ, തച്ചർ (ആശാരിയല്ലാത്ത), വർണ്ണവർ, മഡിഗ, ചെമ്മാൻ, കുടുംബി (ബാർബർ വിഭാഗം ഒഴികെ) എന്നീ സമുദായങ്ങളെ പട്ടികജാതി ലിസ്റ്റിലും അള്ളർ, മലവേട്ടുവൻ, മലമുത്തൻ, കുണ്ടുവടിയൻ എന്നീ സമുദായങ്ങളെ പട്ടികവർഗ്ഗലിസ്റ്റിലും ഉൾപ്പെടുത്തുവാൻ കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മലയൻ സമുദായക്കാരെക്കൂടി മുൻ തിരു–കൊച്ചി പ്രദേശത്തെ മലയൻമാരോടൊപ്പം, പട്ടികവർഗ്ഗത്തിൽപ്പെട്ടവരായി പ്രഖ്യാപിക്കാനും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ധീവര സമുദായത്തിന്റെയും അതിന്റെ സമാന്തര വിഭാഗങ്ങളുടേയും കാര്യം പരിശോധിച്ചു വരുന്നു.

(സി) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ചെയ്യപ്പെട്ടിരിക്കുന്ന സീറ്റുകൾ അവരുടെ അഭാവത്തിൽ ഒ. ഇ. സി. ലിസ്റ്റിൽപ്പെട്ട സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക ശതമാനം നിശ്ചയിച്ചിട്ടില്ല.

സ്പെഷ്യൽ കമ്പോണന്റ് സ്കീം പ്രകാരം ഓരോ വകുപ്പിലും ചെലവഴിക്കാനുദ്ദേശിച്ചിരുന്ന സംഖ്യ

728 [858] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ കമ്പോണന്റ് സ്കീം പ്രകാരം 1985-86-ൽ ഓരോ വകുപ്പിലും ചെലവഴിക്കാൻ ഉദ്ദേശിച്ചിരുന്ന സംഖ്യ എത്ര;

(ബി) ഇതിൽ ഓരോ വകുപ്പിലും ചെലവഴിച്ച തുക എത്ര; ലാപ്സായതെത്ര?

ഉത്തരം

(എ, ബി) കിട്ടിയേടത്തോളം വിവരങ്ങൾ അനുബന്ധമായി † ചേർത്ത പട്ടികയിൽ കാണിച്ചിട്ടുണ്ട്.

ഹരിജനങ്ങൾക്ക് ഗുണനിലവാരം കുറഞ്ഞ ഓട്ടോറിക്ഷാ നൽകിയെന്ന ആരോപണം

729 [859] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly